പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1817 — 17.06.2013-ൽ മറുപടിക്ക്.

## സ്ത്രീപീഡന കേസുകളിൽ വിചാരണ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ത്രീ പീഡന കേസുകളിൽ വിചാരണ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;<br><br>(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രത്യേക കോടതികൾ രൂപീകരിച്ചിട്ടുണ്ടോ ; | : (എ), (ബി) & (സി)<br><br>സ്ത്രീപീഡന കേസുകളിൽ എത്രയും പെട്ടെന്ന് തന്നെ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചുവരുന്നുണ്ട്. സ്ത്രീപീഡന കേസുകളുടെ വേഗത്തിലുള്ള വിചാരണയ്ക്കായി സർക്കാർ പ്രത്യേക കോടതികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി എറണാകുളത്ത് ഒരു സ്പെഷ്യൽ അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി സ്ഥാപിച്ച് 27.01.2013 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്തും കോഴിക്കോടും ഇത്തരം കോടതികൾ സ്ഥാപിക്കാനുള്ള നടപടികൾ ഇതിനകം തന്നെ സർക്കാർ സ്വീകരിക്കുകയും ഹൈക്കോടതിയോട് പ്രൊപ്പോസൽ സമർപ്പിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട് . |
| (ഡി) വിചാരണകോടതികളിൽ സ്ത്രീ പീഡനക്കേസുകൾക്ക് കാലദൈർഘ്യം വരുമ്പോൾ ഇരകൾക്ക് എന്തെങ്കിലും സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ ? | : (ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ